# ലോകസേവനത്തിനായുള്ള എ.എ.യുടെ പന്ത്രണ്ട് ആശയങ്ങൾ

1. എ.എ.യുടെ ലോകസേവനത്തിന്റെ പൂർണ്ണ ഉത്തരവാദിത്വവും പരമാധികാരവും എപ്പോഴും നമ്മുടെ മുഴുവൻ കൂട്ടായ്മയുടെയും കൂട്ടായ മനഃസാക്ഷിയിൽ നിക്ഷിപ്തമായിരിക്കണം.
2. എ.എ. ജനറൽ സർവീസ് കോൺഫറൻസ്, അതിന്റെ ലോകകാര്യങ്ങളിൽ, മിക്കവാറും എല്ലാ പ്രായോഗിക ഉദ്ദേശ്യത്തിനുമായി, നമ്മുടെ മുഴുവൻ സമൂഹത്തിന്റേയും സജീവ ശബ്ദവും, ഫലപ്രദമായ മനഃസാക്ഷിയുമായിരി ക്കണം.
3. ഫലപ്രദമായ നേതൃത്വം ഉറപ്പാക്കുന്നതിനായി, എ.എ.യുടെ സേവനഘടകങ്ങളായ കോൺ ഫറൻസ്, ജനറൽ സർവീസ് ബോർഡ്, സേവന വിഭാഗങ്ങൾ, ജീവനക്കാർ, കമ്മിറ്റികൾ, നിർവാഹകർ എന്നിവയ്ക്ക് പാരമ്പര്യങ്ങൾക്കനുസൃതമായ “തീരുമാനമെടുക്കുവാനുള്ള അവകാശം” നൽകണം.
4. ഓരോരുത്തർക്കും നിർബന്ധമായി നിർവഹിക്കേണ്ട ഉത്തരവാദിത്തത്തിന് ഉചിതമായ അനുപാതത്തിൽ വോട്ടിംഗ് പ്രാതിനിധ്യം അനുവദിക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട എല്ലാ തലങ്ങളിലും, പാരമ്പര്യങ്ങൾക്കനുസൃതമായ “പങ്കാളിത്തത്തിനുള്ള അവകാശം” നില നിർത്തണം.
5. ന്യൂനപക്ഷ അഭിപ്രായം കേൾക്കുന്നതിനും വ്യക്തിപരമായ ആവലാതികൾ ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നതിനും നമ്മുടെ സേവനഘടനയിലുടനീളം സാമ്പ്രദായികമായ ഒരു “പുനർചിന്തനത്തിനുള്ള അവകാശം” നടപ്പിലാക്കണം.
6. ജനറൽ സർവീസ് ബോർഡ് എന്ന നിലയിൽ പ്രവർത്തിക്കുന്ന കോൺഫറൻസ് അംഗങ്ങളായ ട്രസ്റ്റിമാർ ലോകസേവനകാര്യങ്ങൾ നടപ്പാക്കേണ്ടതിന്റെ മുഖ്യമായ മുൻകൈ എടുക്കലും സജീവമായ ഉത്തരവാദിത്വവും കോൺഫറൻസ് അംഗീകരിക്കുന്നു.
7. ജനറൽ സർവീസ് ബോർഡിന്റെ ചാർട്ടർ ആൻഡ് ബൈലോസ് ലോകസേവന കാര്യങ്ങൾ കൈകാര്യം ചെയ്യുവാനും നടപ്പിലാക്കുവാനുംം ട്രസ്റ്റികളെ പ്രാപ്തരാക്കുന്ന നിയമാനു സൃതമായ ഉപകരണങ്ങളാണ്. കോൺഫറൻസ് ചാർട്ടർ നിയമപരമായ ഒരു രേഖയല്ല; അതിന്റെ അന്തിമഫലപ്രാപ്തി പാരമ്പര്യത്തേയും എ.എ.യുടെ ധനസ്ഥിതിയേയും ആശ്രയിച്ചിരിക്കുന്നു.
8. ട്രസ്റ്റിമാർ, മൊത്തത്തിലുള്ള നയപരവും ധനപരവുമായ കാര്യങ്ങളിൽ, പ്രധാന ആസൂത്രകരും കാര്യനിർവാഹകരുമാണ്. പ്രത്യേകമായി രജിസ്റ്റർ ചെയ്തതും നിരന്തരം സജീവവുമായ സേവനങ്ങളുടെ സംരക്ഷണ പരിപാലനം അവർക്കുള്ളതിനാൽ അവരുടെ കഴിവിലൂടെ ഇത്തരം പ്രവർത്തനങ്ങൾക്കായി ഡയറക്ടർമാരെ തെരഞ്ഞെടുത്ത് ഇത് നിർവഹിക്കുന്നു.
9. എല്ലാ സേവനതലങ്ങളിലുമുള്ള മികച്ച സേവന നേതൃത്വം നമ്മുടെ ഭാവി പ്രവർത്തന ത്തനങ്ങൾക്കും സുരക്ഷക്കും അത്യന്താപേക്ഷിതമാണ്. ഒരിക്കൽ സ്ഥാകപകർ വഹിച്ചിരുന്ന ആദ്യകാല ലോകസേവനങ്ങളുടെ നേതൃത്വം, ട്രസ്റ്റിമാർ ഏറ്റെടുക്കേണ്ടത് അനിവാര്യമാണ്.
10. ഓരോ സേവന ഉത്തരവാദിത്വത്തിനും തത്തുല്യമായ സേവനാധികാരം ഉണ്ടായിരിക്കണം. അത്തരം അധികാരത്തിന്റെ വ്യാപ്തി കൃത്യമായി നിർവചിച്ചിരിക്കേണ്ടതാണ്.
11. ഏറ്റവും മികച്ച - കമ്മിറ്റികൾ, കോർപ്പറേറ്റ് സർവീസ് ഡയറക്ടർമാർ, എക്സിക്യൂട്ടീവുകൾ, സ്റ്റാഫ്, കൺസൾട്ടന്റുമാർ - എന്നിവ എല്ലായ്പ്പോഴും ട്രസ്റ്റിമാർക്ക് ഉണ്ടായിരിക്കേണ്ടതാണ്. ഇവയുടെ ഘടന, യോഗ്യതകൾ, നിയമന പ്രക്രിയകൾ, അവകാശങ്ങൾ, കടമകൾ എന്നീ കാര്യങ്ങൾ അതീവ ജാഗ്രതയോടെ നിർവഹിക്കേണ്ടവയാണ്.
12. എ.എ. പാരമ്പര്യത്തിന്റെ ആദർശം കോൺഫറൻസ് ഉൾക്കൊണ്ടുകൊണ്ട് ഒരിക്കലും അത് അപകടകരമായ സമ്പത്തിന്റേയോ അധികാരത്തിന്റേയോ ഇരിപ്പിടമാകുന്നില്ലെന്ന് കോൺഫറൻസ് നിരീക്ഷിക്കേണ്ടതാണ്; മതിയായ പ്രവർത്തന ധനവും സൂക്ഷിപ്പ് ധനവും കരുതൽ സാമ്പത്തിക തത്വത്തിലൂടെ ആയിരിക്കണം. അംഗങ്ങൾക്ക് മറ്റുള്ളവരുടെ മേൽ അനർഹമായ ഒരു അധികാരവും നൽകുന്നില്ല; ചർച്ചകളിലൂടെയും, വോട്ടിംഗിലൂടെയും, സാധ്യമാകുമ്പോഴെല്ലാം ഐകകണ്ഠ്യേനയും സുപ്രധാന തീരുമാനങ്ങളിലെത്തിച്ചേരണം; കോൺഫറൻസ് നടപടികൾ വ്യക്തിപരമായ ശിക്ഷിക്കലോ, പൊതുവിവാദങ്ങൾക്ക് കാരണമാകുന്നതോ ആകരുത്; ഇത് ഒരിക്കലും ഭരണകൂട നിയമങ്ങൾ നടപ്പിലാക്കുന്നില്ല; സേവനം ചെയ്യുന്ന ഏതൊരു സമൂഹത്തെയും പോലെ കോൺഫറൻസും ചിന്തയിലും പ്രവർത്തനത്തിലും ജനാധിപത്യപരമായി നിലകൊള്ളണം.